ഉത്തരം

(എ) എഴുപത്തി മൂന്നു റോഡുകൾ കൈമാറ്റം ചെയ്തതായി പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ബി)&(സി) ഉണ്ട്.

1996-2000 കാലഘട്ടത്തിൽ 872,04,279/-രൂപ നൽകിയിട്ടുണ്ട്.

(ഡി)

1. കുറുവ ഡിവിഷൻ	-	2
2. കുഴിമണ്ണ ഡിവിഷൻ	-	2
3. കൊണ്ടോട്ടി ഡിവിഷൻ	-	1
4. വണ്ടൂർ ഡിവിഷൻ	-	1

(ഇ) ഉണ്ട്.

(എഫ്) 1996-ൽ ലഭിച്ച പണം വിനിയോഗിക്കുവാൻ പൊതുമരാമത്ത് വകുപ്പിൽ നിന്നും റോഡു കൈമാറ്റം ചെയ്തു ലഭിക്കാതിരുന്നതിനാൽ ഫണ്ടു യഥാസമയം വിനിയോഗിക്കുന്നതിനായി വില്ലേജു റോഡുകൾക്കായി പണം ചെലവഴിക്കാൻ പഞ്ചായത്ത് തീരുമാനം കൈക്കൊള്ളുകയുണ്ടായി.

(ജി) ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പണി നടത്തി വരുന്നു.

ഗ്രാമപഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ

75 (1436)ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഗ്രാമപഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങാനുള്ള പദ്ധതി നിലവിലുണ്ടായിരുന്നോ എന്നറിയിക്കുമോ;

(ബി) ഇതനുസരിച്ച് പ്രസ്തുത മെഷീൻ കിട്ടുന്നതിന് എത്ര ഗ്രാമപഞ്ചായത്തുകൾ പണമടച്ചിട്ടുണ്ട്;

(സി) മെഷീൻ വാങ്ങുന്നതിന് പണം അടയ്ക്കുന്നതിനുള്ള അവസാന തീയതി എന്നായിരുന്നു

(ഡി) ഇതിനുവേണ്ടി പണമടച്ച എത്ര പഞ്ചായത്തുകൾക്ക് ഇതുവരെ മെഷീൻ നൽകി;

(ഇ) ഒരു പഞ്ചായത്തിനും മെഷീൻ നൽകിയില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) 24.1.2000-വരെ 691 ഗ്രാമപഞ്ചായത്തുകൾ പണമടച്ചിട്ടുണ്ട്;

(സി) മെഷീൻ വാങ്ങുന്നതിന് പണം അടയ്ക്കുന്നതിനുള്ള അവസാന തീയതി 31.3.1999 ആയിരുന്നു എങ്കിലും ഫോട്ടോകോപ്പികൾ ആവശ്യമുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ഇത് സംബന്ധിച്ച സപ്ലൈ ഓർഡർ കമ്പനിക്ക് നൽകുന്നതുവരെ പണമടയ്ക്കാവുന്നതാണ്.;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആർക്കും ഇതുവരെ മെഷീൻ നൽകിയിട്ടില്ല;

(ഇ) വലിയ പർച്ചേസ് ആയതിനാൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. അതിനാലാണ് കാലതാമസമുണ്ടാകുന്നത്. നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നു.

പഞ്ചായത്ത് ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട്

76 (1437)ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാന ജീവനക്കാരായി അംഗീകരിച്ചിട്ടും പഞ്ചായത്തു വകുപ്പിലെ ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട് നടപ്പാക്കാത്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കിയതിനെ തുടർന്ന് അവർക്ക് ജനറൽ പ്രോവിഡന്റ് ഫണ്ടിൽ അംഗത്വം നൽകുന്നതിന് അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശാനുസരണം എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും തടസ്സം നീക്കി ലഭിക്കാതെ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല എന്ന് അക്കൗണ്ടന്റ് ജനറൽ അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ഇക്കാര്യം അക്കൗണ്ടന്റ് ജനറലുമായി അടിയന്തിരമായി ചർച്ച നടത്തി പഞ്ചായത്തു ജീവനക്കാരെ ജി.പി.എഫിൽ അംഗങ്ങളാക്കുന്നതിനും അതുവരെ ടി ജീവനക്കാരെ കെ.പി.ഇ.പി.എഫിൽ തുടരാൻ അനുവദിക്കുന്നതിനുമുള്ള സത്വര നടപടി സ്വീകരിക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മുത്തേടം പഞ്ചായത്തിലെ സെക്രട്ടറി - നിയമനം

77 (1438)ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മുത്തേടം പഞ്ചായത്തിൽ 1999-2000 സാമ്പത്തിക വർഷത്തിൽ ഇതിനകം എത്ര പ്രാവശ്യം സെക്രട്ടറിമാരെ മാറ്റി നിയമിച്ചിട്ടുണ്ട്;

(ബി) സ്ഥിരമായി സെക്രട്ടറിമാർ ഇല്ലാത്തതിനാൽ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടും എന്നത് പരിഗണിച്ച് സ്ഥിരമായി ഒരു സെക്രട്ടറിയെ നിയമിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) മുത്തേടം ഗ്രാമപഞ്ചായത്തിൽ 1999-2000 സാമ്പത്തിക വർഷത്തിൽ 4 സെക്രട്ടറിമാരെ മാറ്റി നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly